LIBRARY ARCHIVES Kerala Legislative Assembly

എൻ.സി.വി.റ്റി.-യുടെ അംഗീകാരമില്ലാത്ത ഐ.റ്റി.ഐ. കോഴ്സുകൾ

74 [528] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. ജി. പ്രതാപ വർമ്മ തമ്പാൻ:
,, എ. പി. അനിൽകുമാർ:
,, എൻ. ഡി. അപ്പച്ചൻ താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു എത്ര ഐ.ടി.ഐ.-കൾ നിലവിലുണ്ട്;

(ബി) ഇവയിൽ ഏതെല്ലാം ഐ.ടി.ഐ.-കൾ നടത്തുന്ന കോഴ്സുകൾക്ക് എൻ.സി.വി.റ്റി. അംഗീകാരം ലഭിക്കാതെയുണ്ട്;

(സി) എൻ.സി.വി.റ്റി.-യുടെ അംഗീകാരം ലഭിക്കാത്ത കോഴ്സുകൾക്കും വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് ശിക്ഷണം നൽകാറുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കോഴ്സ് പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് 32 സർക്കാർ ഐ.റ്റി.ഐ.-കൾ നിലവിലുണ്ട്.

(ബി) ആറ്റിങ്ങൽ ഐ.ടി.ഐ.-യിൽ മെക്കാനിക്ക് മെഷീൻ ടൂൾ മെയിന്റനൻസ് ട്രേഡിൽ രണ്ട് യൂണിറ്റ് ഒഴികെ ബാക്കി ഐ.ടി.ഐ.-കളിൽ നിലവിൽ എൻ.സി.വി.റ്റി. അംഗീകാരം ലഭിച്ചിട്ടില്ലാത്തതും എന്നാൽ അംഗീകാരം ലഭിക്കാൻ ശുപാർശ ചെയ്ത കോഴ്സുകളുടെ വിവരങ്ങളടങ്ങുന്ന ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.†

(സി) ഉണ്ട്. നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ (എൻ.സി.വി.റ്റി.) അംഗീകാരമില്ലാത്ത കോഴ്സുകളിൽ പ്രവേശനം നൽകി ശിക്ഷണം നൽകുന്ന ട്രെയിനികളെ സംസ്ഥാന സർക്കാരിന്റെ സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ (എസ്.സി.വി.റ്റി.) കീഴിൽ ട്രേഡ് ടെസ്റ്റ് നടത്തി എസ്.സി.വി.റ്റി. സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്.

(ഡി) സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിന്റെ കീഴിലെ കോഴ്സുകളിൽ പഠിച്ച് പാസ്സാകുന്ന ട്രെയിനികൾക്ക് ട്രെയിനിംഗ് മാന്വൽ പ്രകാരം എസ്.സി.വി.റ്റി. സർട്ടിഫിക്കറ്റ് നൽകി വരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.